പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3704 | 30.01.2014-ൽ മറുപടിക്ക്

## വനശ്രീ യൂണിറ്റുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, എം. എ. വാഹിദ്<br>,, ആർ. സെൽവരാജ്<br>,, എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) വനശ്രീ യൂണിറ്റുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ; | (എ) പങ്കാളിത്ത വന പരിപാലന സംവിധാനങ്ങളായ വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ സ്ഥാപന ഉദ്ദേശ്യങ്ങളായ ജനപങ്കാളിത്തത്തോടെയുള്ള വന പരിപാലനവും അതുവഴി വനാശ്രിത സമൂഹത്തിന്റെ ജീവിതോപാധി വർദ്ധിപ്പിക്കലും ലക്ഷ്യമിട്ടാണ് 'വനശ്രീ' എന്ന ആശയം ഉടലെടുത്തത്. വനങ്ങളിൽ നിന്നും വനാശ്രിത സമൂഹം ശേഖരിക്കുന്ന തടിയേതര വന വിഭവങ്ങൾ മൂല്യവർദ്ധനവ് നടത്തി പൂർണ്ണമായും ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് നേരിട്ട് വിൽപ്പന നടത്തി പരമാവധി പ്രയോജനം വനാശ്രിത സമൂഹത്തിനുതന്നെ തിരികെ ലഭിക്കത്തക്ക രീതിയിൽ വിഭാവനം ചെയ്യപ്പെട്ട ഒരു സംവിധാനമാണ് വനശ്രീ. തടിയേതര വന വിഭവങ്ങളുടെ സുസ്ഥിര പരിപാലനം, ശാസ്ത്രീയമായ ശേഖരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ നിർവഹിക്കുന്നതിന് വന സംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, വന പ്രദേശത്തെ തടിയേതര വനവിഭവങ്ങളുടെ ലഭ്യത സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക, സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക, വിപണന സൗകര്യങ്ങൾ ഒരുക്കുക മുതലായ ലക്ഷ്യങ്ങളാണ് വനശ്രീയിലൂടെ നിറവേറ്റുന്നത്. |
| (ബി) എന്തെല്ലാം സാധനങ്ങളാണ് ഈ യൂണിറ്റുകൾ വഴി വിറ്റഴിക്കപ്പെടുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ബി) 20 വന വികാസ ഏജൻസികളുടെ കീഴിലായി 2 മൊബൈൽ യൂണിറ്റുകളടക്കം 30 വനശ്രീ യൂണിറ്റുകൾ നിലവിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. വനത്തിൽ നിന്ന് ശേഖരിച്ച് ശുദ്ധി ചെയ്ത തേൻ, കസ്തൂരി മഞ്ഞൾ, കുന്തിരിക്കം, ഇഞ്ച, കുരുമുളക്, ഏലം, കാട്ടുപുളി, കച്ചോലം, രാമച്ചം, ചുക്ക്, പുൽത്തൈലം, |

പതിമുഖം, കരിങ്ങാലി, യൂക്കാലി തൈലം, പുൽതൈലം, പെയിൻ ബാം, കല്ലൂർ വഞ്ചി, ദന്തപ്പാല എണ്ണ, തേൻ, നെല്ലിക്ക ഉടങ്ങിയ വനവിഭവങ്ങളും മറയൂർ ശർക്കര, ശബരിജലം ഉടങ്ങിയവയും വനശ്രീ യൂണിറ്റുകൾ വഴി വിപണനം നടത്തുന്ന പ്രധാന ഇനങ്ങളാണ്. കൂടാതെ വിഭവ വൈവിധ്യത്തിന്റെ ഭാഗമായി ഔഷധിയുമായി ചേർന്ന് ഔഷധിയുടെ ആയുർവേദ ഉൽപ്പന്നങ്ങളും കേരള വന വികസന കോർപ്പറേഷൻ ഉൽപ്പാദിപ്പിക്കുന്ന ചന്ദനതൈലവും, ചന്ദന ചീളുകളും വനശ്രീ യൂണിറ്റുകൾ വഴി വിപണനം ചെയ്തു വരുന്നുണ്ട്.

| | |
|---|---|
| ഗ) പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത യൂണിറ്റുകൾ പുന സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ: വിശദമാക്കുമോ : | ഗ) നിലവിൽ വനശ്രീ യൂണിറ്റുകൾ പുനസംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. |
| ഘ) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്: വിശദാംശ ങ്ങൾ നൽകാമോ ? | ഘ) ചോദ്യം(ഗ) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ പ്രസക്തമല്ല. |

സെക്ഷൻ ഓഫീസർ